പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 771

27.04.2017-ൽ മറുപടിയ്ക്ക്

## എക്സൈസ് ഗാർഡ് റാങ്ക് ലിസ്റ്റിന്റെ കാലപരിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. രാജഗോപാലൻ:** | **ശ്രീ. ററി.പി.രാമകൃഷ്ണൻ** (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള എക്സൈസ് ഗാർഡ് റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 30 വയസ്സ് പ്രായപരിധിയും എൻട്രൻസ് ടെസ്റ്റ് യോഗ്യതയും നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) നിലവിലുള്ള എക്സൈസ് സ്പെഷ്യൽ റൂൾസ് പ്രകാരം വനിതാ സിവിൽ എക്സൈസ് ഓഫീസർ/സിവിൽ എക്സൈസ് ഓഫീസർ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 31 വയസ്സാണ്. മാത്രമല്ല എൻഡ്യൂറൻസ് ടെസ്റ്റ് യോഗ്യതയും ആവശ്യമാണ്. |
| (ബി) 2015-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലപരിധി അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) സിവിൽ എക്സൈസ് ഓഫീസർ തസ്തിക ട്രെയിനി പോസ്റ്റായി മാറ്റുകയും സെലക്ഷൻ നടപടികളിൽ എൻഡ്യൂറൻസ് ടെസ്റ്റ് ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് 03.10.2015 പ്രാബല്യത്തിൽ നിയമനചട്ടങ്ങളിൽ ഭേദഗതി വരുത്തിയതിനെത്തുടർന്ന് 534/13 നമ്പർ പ്രകാരം നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നുള്ള നിയമന ശുപാർശ താൽക്കാലികമായി |

നിർത്തിവച്ചിരിക്കുകയാണ് എന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ നിയമനത്തിന് സഹായകരമായ നിലയ്ക്ക് ചട്ടഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ